# വിദ്യാലയശുചിത്വ ആരോഗ്യപരിപാടി

## 2010-11

# ജൂലൈ ആഗസ്റ്റ് മാസപ്രവർത്തനങ്ങൾ

*ശുചിത്വസേന രൂപീകരണം*
*(Health Brigade)*

- എല്ലാ സ്കൂളിലും ആഗസ്റ്റ് 5 ന് ശുചിത്വസേന രൂപീകരിക്കണം
- സ്കൂളിലെ സമ്പൂർണ്ണ ശുചിത്വവുമായി ബന്ധപ്പെട്ട് നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളുടേയും നേതൃത്വം വിദ്യാലയ പാർലമെന്റിനും, ശുചിത്വ സേനക്കുമായിരിക്കും
- ഒരു അധ്യാപികയ്ക്കും അധ്യാപകനും ചുമതല നൽകണം.
- ഓരോ ക്ലാസ്സിൽ നിന്നും 2 പ്രതിനിധികൾ
- പരിസ്ഥിതി, ആരോഗ്യക്ലബ്ബുകളുടെയും എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട് ആന്റ് ഗൈഡ്സ് എന്നിവയുടെ പ്രതിനിധികളും ഉണ്ടാവണം.
- ശുചിത്വ സേന ആഴ്ചയിൽ ഒരു തവണ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണം.

# ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ❑ പ്രതിമാസ ശുചിത്വ പ്രവർത്തനാസൂത്രണം, ചുമതലാവിഭജനം
- ❑ എല്ലാ ആഴ്ചയും ഒരു ദിവസം 'ൈഡ്രഡേ' ആചരിക്കൽ (വീടുകളിൽ ൈഡ്രഡേ നടത്തിയതിന്റെ റിപ്പോർട്ട് അസംബ്ലിയിൽ അവതരിപ്പിക്കണം)
- ❑ കിണറുകളിൽ മാസത്തിലൊരിക്കൽ ക്ലോറിനേഷൻ ഉറപ്പുവരുത്തൽ
- ❑ വ്യക്തിശുചിത്വം, ക്ലാസ്സ്റൂം, സ്കൂൾ, പരിസരം, വീട്, എന്നിവ ശുചിയായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, തെളിമ പുസ്തകവുമായി ബന്ധപ്പെടുത്തി ഉറപ്പുവരുത്തൽ
- ❑ സ്കൂൾ ടോയ്‌ലറ്റുകൾ ഉപയോഗം-ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മറ്റു സ്കൂളുകൾ സന്ദർശിക്കൽ - ശാസ്ത്രീയത ഉറപ്പാക്കൽ.

കൊതുകിനെതിരെ കൂട്ടായ്മ - ഗൃഹസന്ദർശന പരിപാടി

ആഗസ്റ്റ് 5 മുതൽ ആഗസ്റ്റ് 13 വരെ

***മുന്നൊരുക്കങ്ങൾ***

1. സ്കൂളുകൾക്ക് പ്രവർത്തന പരിധി നിശ്ചയിക്കൽ.
2. വ്യത്യസ്ഥ ക്ലാസിലെ  കുട്ടികളെ സ്കോഡുകളാക്കി തിരിക്കണം
3. ഓരോ സ്കൂളിനും എത്ര സ്ക്വാഡുകൾ എന്ന് നിശ്ചയിക്കാം
4. ഓരോ സ്കോഡിന്റേയും പ്രവർത്തന മേഖലയും പരിധിയും നിശ്ചയിക്കണം
5. ഹൈസ്കൂൾ / ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് അങ്ങാടികളുടെയും മറ്റു പൊതു സ്ഥലങ്ങളുടെയും സന്ദർശനത്തിന് നേതൃത്വം നൽകാം.
6. ഗൃഹസന്ദർശനം വീട്ടുകാരോട് പറയാനുള്ളകാര്യങ്ങൾ നിശ്ചയിക്കൽ
7. നിരീക്ഷണഫോറങ്ങൾ, വീടുകളിൽ/സ്ഥാപനങ്ങളിൽ നൽകാനുള്ള നോട്ടീസ്, ഒട്ടിക്കാനുള്ള സ്റ്റിക്കറുകൾ

# ഗൃഹസന്ദർശനം

1. 5-6 അംഗ വിദ്യാർത്ഥി ഗ്രൂപ്പ് വീട് സന്ദർശിക്കുക - ജനപ്രതിനിധികളും അധ്യാപകരും, ആരോഗ്യപ്രവർത്തകരും, ആശ, അംഗൻവാടി പ്രവർത്തകരും വിദ്യാലയ കൗൺസിലർ മാരും കൂടെ പോകണം.
2. ഗ്രൂപ്പിന് ഒരു ലീഡറും, ഫോർമാറ്റ് ഫിൽ ചെയ്യാനുള്ള ഒന്നോ രണ്ടോ ചുമതലക്കാരേയും നിശ്ചയിച്ചിരിക്കണം.
3. വീട്ടുരോട് ആഗമനോദ്ദേശ്യം അറിയിക്കുകയും, നോട്ടീസ് നൽകുകയും വേണം.
4. വീടിന്റെ പരിസരത്തെമാലിന്യങ്ങൾ ശേഖരിച്ച് അവിടെവെച്ച് കത്തിക്കുകയൊ/ കുഴിച്ചു മൂടുകയോ ചെയ്യണം.
5. ഫ്രിഡ്ജിനടിയിലെ ട്രെ, ചെടിച്ചട്ടികളിലെ വെള്ളം (Indoor / out door) പരിശോധന
6. ടെറസിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത ബോധ്യപ്പെടുത്തൽ,
7. തയ്യാറാക്കിയ സ്റ്റിക്കർ അവരുടെ വീടുകളിൽ അവർ തന്നെ ഒട്ടിക്കട്ടെ. ' ഈ വീട് ശുചിത്വ വീട്''.

***ക്ലാസ് തല, സ്കൂൾ തല, പഞ്ചായത്ത് തല ക്രോഡീകരണം***

***പൂരിപ്പിച്ച ഫോർമാറ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രധാന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാം. പി.ഇ.സി / പഞ്ചായത്തിന് നൽകുകയും ചെയ്യണം.***

***മാലിന്യം / കൊതുക് വിഷയമാക്കി മാഗസിൻ***

***കവിത, കാർട്ടൂൺ, ചിത്രരചന പേപ്പർ കട്ടിംഗ്സ് എന്നിവ ഉൾപ്പെടുത്തി മാഗസിൻ പ്രസിദ്ധീകരിക്കാം.***

***ക്രോഡീകരിച്ച വിവരങ്ങൾ പ്രസിദ്ധീകരിക്കൽ***

പഞ്ചായത്ത് തലത്തിൽ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാം.

## *ഡ്രൈ ഡേ - വിദ്യാലയത്തിലും വീട്ടിലും*

സ്കൂളിൽ എല്ലാ തിങ്കളാഴ്ചയും വീടുകളിൽ എല്ലാ ഞായറാഴ്ചയും.
വീടുകളിൽ 'ഡ്രൈഡേ' നടത്തിയ അനുഭവം സ്കൂൾ അസംബ്ലിയിൽ ഒന്നോ, രണ്ടോ പേർ അവതരിപ്പിക്കണം.

## *'ഡ്രൈഡേ' നടത്തിപ്പ് എങ്ങിനെ?*

സ്കൂളും/വീടും പരിസരവും നടന്ന് നോക്കണം
വെള്ളം കെട്ടിനിൽക്കുന്ന സാമഗ്രികൾ നശിപ്പിക്കണം
ചിരട്ട, പാട്ട, പ്ലാസ്റ്റിക്, ടയർ, പാള, തൊണ്ട്, ഓല തുടങ്ങിയവയിൽ വെള്ളം കെട്ടിനില്ക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. ടെറസിലെ വെള്ളം ഒഴുകിപ്പോകുന്നത് ബ്ലോക്കാവാതെ നോക്കണം.
വെള്ളക്കെട്ട് ചാലി കീറി ഒഴിവാക്കണം.
ഫ്രിഡ്ജിലെ ട്രെയിൽ ദിവസങ്ങളോളം വെള്ളം കെട്ടിനിൽക്കാതെ ഒഴിച്ചുകളയണം.
ചെടിച്ചട്ടികളിലോ, അത് വെയ്ക്കുന്ന പാത്രങ്ങളിലോ വെള്ളം കെട്ടി നിൽക്കുന്നുണ്ടോ
പഴയ ടാങ്കുകൾ, പ്ലാസ്റ്റിക്ക് കണ്ടൈനറുകൾ എന്നിവയിൽ വെള്ളം കെട്ടിനില്ക്കുന്നുണ്ടോ
വിദ്യാലയത്തിൽ ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം നിരീക്ഷിക്കണം.

***കിണർ വെള്ളം ക്ലോറിനേറ്റു ചെയ്യൽ***

- എല്ലാ മാസത്തിലും ആദ്യവാരം കിണർ ക്ലോറിനേഷൻ നടത്തണം.
- ഗൃഹസന്ദർശനത്തോടൊപ്പം പരിസരവീടുകളിലെ കിണറുകളിൽ ക്ലോറിനേഷൻ നടത്താം. സ്വന്തം വീട്ടിലും ക്ലോറിനേഷൻ നടത്തണം.
- ഹെൽത്ത് ഇൻസ്‌പെക്ടർമാരുടെ സഹായത്തോടെ ഡമോൺസ്ട്രേഷൻ നടത്തണം.

## ***സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലെ പ്രവർത്തനങ്ങൾ***

### ***അധ്യാപകദിനാഘോഷം***

#### ***ഒന്നാം ഘട്ടം***

ആഗസ്റ്റ് അവസാനത്തെ ആഴ്ച (30,31) ക്ലാസ് മുറിയിൽ സ്ഥാപിച്ച കാർഡ് ബോർഡ് പെട്ടിയിൽ 'ഞങ്ങൾ അധ്യാപകരിൽ നിന്ന് നിങ്ങൾ കുട്ടികൾ പ്രതീക്ഷിക്കുന്ന നന്മകൾ" / 'എങ്ങനെയുള്ള അധ്യാപകരെയാണ് നിങ്ങൾക്കിഷ്ടം'' കുട്ടികൾ വ്യക്തിഗതമായി രേഖപ്പെടുത്തി നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകണം. പേരെഴുതേണ്ടതില്ലെന്നും പറയണം.

ക്ലാസ് തല ക്രോഡീകരണവും തുടർന്ന് സ്കൂൾതല ക്രോഡീകരണവും നടത്തി ചാർട്ട് ചെയ്ത് ക്ലാസുകളിലും സ്കൂളിലെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.

***രണ്ടാം ഘട്ടം (സെപ്റ്റംബർ 6)***

- പാഠങ്ങൾ പഠിപ്പിക്കുകയും, കുട്ടികൾ പാഠങ്ങൾ പഠിക്കുകയും ചെയ്യുക എന്നതുമാത്രമല്ല ഒരു വിദ്യാലയത്തിൽ നടക്കേണ്ടത്.
- കുട്ടികളുടെ ശാരീരികവും, മാനസികവുമായ വളർച്ചയ്ക്കുതകുന്ന ഇടപെടലുകളും ക്ലാസ്മുറിയിലും വിദ്യാലയത്തിലും നടക്കണം.
- ഒരു കുട്ടിക്ക് വീട്ടിൽ നിന്നും, സമൂഹത്തിൽ നിന്നും എന്തൊക്കെ പ്രതിസന്ധികൾ നേരിടേണ്ടിവന്നാലും അധ്യാപിക/അധ്യാപകൻ താങ്ങായുണ്ടെങ്കിൽ അതിനെ അതിജീവിക്കാൻ കുട്ടിക്ക് കഴിയും.
- അദ്ധ്യാപകൻ / അധ്യാപികയുടെ സ്നേഹസ്പർശം, അംഗീകാരം എന്നിവ ഏറ്റുവാങ്ങാനും സ്നേഹത്തിൽ പൊതിഞ്ഞ ഒരു വാക്കുകേൾക്കാനും എല്ലാകുട്ടികളും അതിയായി ആഗ്രഹിക്കുന്നു.
- ഇത് നിക്ഷേധിക്കപ്പെടുന്ന കുട്ടികളുടെ വ്യക്തിത്വം നാം ആഗ്രഹിക്കുന്നതു പോലെയാവില്ല

***മൂന്നാം ഘട്ടം***

അധ്യയന വർഷത്തിന്റെ അവസാനത്തിൽ നിർദ്ദിഷ്ട സൂചകങ്ങളുടെ അടിസ്ഥാനത്തിൽ  ഒന്നും രണ്ടും ഘട്ടങ്ങളിലെ പ്രവർത്തനങ്ങളുടെ ഫലമായി അധ്യാപകരും കുട്ടികളും, കുട്ടികൾ തമ്മിലും ബന്ധത്തിൽ ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തപ്പെടണം.

***സെഗ്രഗേഷൻ** (as pe colour code)*

***ഒന്നാം ഘട്ടം - സെപ്റ്റംബർ ഒന്ന്***

- ക്ലാസ്സുകളിലും സ്കൂളിലും രണ്ട് തരത്തിലുള്ള പെട്ടി /ബക്കറ്റ് (മൂടിയുള്ളത്) സ്ഥാപിക്കുകയും തരം തിരിച്ച് (ജൈവ മാലിന്യങ്ങൾ -അജൈവ മാലിന്യങ്ങൾ) നിക്ഷേപിക്കാനും ആരംഭിക്കുന്നു.
- ജൈവമാലിന്യങ്ങൾ സ്കൂളിലെ കമ്പോസ്റ്റ് പിറ്റിലേയ്ക്ക് മാറ്റണം
- വിദ്യാലയ വളപ്പിലെ ചെടികൾക്കോ പച്ചക്കറിത്തോട്ടത്തിലോ വളമായി ഇതിനെ ഉപയോഗപ്പെടുത്താം.

***രണ്ടാം ഘട്ടം***

- അജൈവ മാലിന്യങ്ങൾ പഠനത്തിനുവിധേയമാക്കുകയും ഇതുണ്ടാകാനുള്ള സാഹചര്യങ്ങൾ, ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവ റിപ്പോർട്ടാക്കി ക്ലാസ്സിലും അസംബ്ലിയിലും അവതരിപ്പിക്കണം.
- പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

***വ്യക്തി ശുചിത്വം***

***സെപ്റ്റംബർ - 8: പ്രതീകാത്മക തുടക്കം***

***നഖം മുറിക്കൽ, കൈ കഴുകൽ***

- ഓരോ ക്ലാസിലെയും കുട്ടികളും, എല്ലാ അധ്യാപകരും, എച്ച്.എം, സ്കൂളിലെ മറ്റ് ജീവനക്കാർ എല്ലാപേരും നഖം മുറിച്ച് വൃത്തിയാക്കുന്നു.
- സോപ്പോ ചാരമോ ഉപയോഗിച്ച് എല്ലാവരും കൈകഴുകുന്നു.
- ശുചിത്വ സേന എല്ലാ ക്ലാസിലും എല്ലാ കുട്ടികളെയും, അധ്യാപകരെയും, മറ്റ് ജീവനക്കാരെയും, കഞ്ഞിവെയ്ക്കുന്നവരുടെയും കൈകൾ പരിശോധിക്കുന്നു.
- എല്ലാ ബുധനാഴ്ചകളിലും നഖം പരിശോധിക്കൽ ക്ലാസിലെ ശുചിത്വസേന ലീഡറുടെയും സ്കൂൾ ശുചിത്വസേനയുടെയും നേതൃത്വത്തിൽ നടത്തുന്നു.

## *ഹെൽത്തി ഹോം*

## *ഹെൽത്തി സ്കൂൾ*

- ***വിദ്യാലയ ശുചിത്വ പ്രവർത്തനങ്ങളുടെ ലക്ഷ്യപൂർത്തീകരണമായി സ്വന്തം വിദ്യാലയത്തെ 'ശുചിത്വ വിദ്യാലയ'മായി പ്രഖ്യാപിക്കണം.***
- സെപ്റ്റംബർ 18, 19 ദിവസങ്ങളിൽ സ്വന്തം വീടുകളിലും ഇതേ പ്രക്രിയ നടത്തുകയും 'എന്റെ വീട് ശുചിത്വവീട്" സ്റ്റിക്കർ പതിപ്പിക്കുകയും ചെയ്യണം.
- എല്ലാ മാസവും 18, 19 തീയതികളിൽ എന്റെ സ്കൂളും എന്റെ വീടും ശുചിത്വത്തോടെ നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യാം.
- ***ശുചിത്വ വീട് - എല്ലാ കുട്ടികളും ഇതൊരു പ്രോജക്ട് പ്രവർത്തനമായി ഏറ്റെടുക്കണം***
- എല്ലാ കുട്ടികളും അവരവരുടെ വീടുകളെ അനുബന്ധം 1-ൽ സൂചിപ്പിച്ചിട്ടുള്ള സൂചകങ്ങൾ വെച്ച് പരിശോധിച്ച് സ്വന്തം വീടിന്റെ ശുചിത്വനിലവാരം രേഖപ്പെടുത്തട്ടെ,
- കുട്ടികളോട് പ്രോജക്ടിന്റ വിശദാംശങ്ങൾ ചർച്ച ചെയ്യണം.
- ഓരോ കുട്ടിയും സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ട് വിലയിരുത്തി നില നിർണ്ണയത്തിന് ഉപയോഗപ്പെടുത്തുകയും വേണം.

## *ഒക്ടോബർ നവംബർ മാസങ്ങളിലെ പ്രവർത്തനങ്ങൾ*

### *ജല പരിശോധന*

ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ കുട്ടികളും അധ്യാപകരും വിദ്യാലയത്തിനു തൊട്ടടുത്തു രണ്ടു വീടുകളിലെ കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നു. മറ്റു കുടിവെള്ള സ്രോതസ്സുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാവുന്നതാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറികളിൽ ജല പരിശോധനയ്ക്കുള്ള കിറ്റുകളും അധ്യാപകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. ഇനിയും പരിശീലനം ലഭിക്കാത്തവർക്ക് ഒക്ടോബറിനു മുമ്പ് നൽകും.

വാട്ടർ അതോരിറ്റി ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടും പരിശോധനാ കിറ്റും പരിശീലനവും നേടാവുന്നതാണ്.

***തെളിമ വിജ്ഞാനോത്സവം***

- തെളിമ പ്രവർത്തന നടത്തിപ്പിന്റെ വിലയിരുത്തലായി വിജ്ഞാനോത്സവം പരിഗണിക്കണം. ക്വിസ്, പോസ്റ്റർ രചന, കവിത/ കഥാരചന, തെളിമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ തെളിവുകൾ ( ഡോക്യുമെന്റ്സ്).
- വിദ്യാലയതലത്തിൽ അരദിവസം നീണ്ടുനില്ക്കുന്ന വിജ്ഞാനോത്സവം സംഘടിപ്പിക്കാം.
- പഞ്ചായത്തുതലത്തിൽ ഒരു പൂർണ്ണ ദിവസ പരിപാടിയായി വിജ്ഞാനോത്സവം സംഘടിപ്പിക്കണം.
- പഞ്ചായത്തു തലത്തിൽ വിജയികളെ അനുമോദിക്കാൻ പൊതുവേദിയുണ്ടാവണം. കുട്ടികൾക്കും വിദ്യാലയങ്ങൾക്കും അംഗീകാരങ്ങളും സമ്മാനങ്ങളും നൽകണം
- എച്ച്. എസ്., എച്ച്.എസ്.എസ് വിജയികളെ വിദ്യാഭ്യാസ ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്തിന്റെയും ഡി.ഇ.ഒയുടെയും നേതൃത്വത്തിൽ വിളിച്ചു ചേർത്ത് വിജ്ഞാനോത്സവം സംഘടിപ്പിക്കണം.

